**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 381** **19-03-2025 - ൽ മറുപടിയ്ക്ക്**

**ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഒരു കാരണം ജലസംഭരണികളിൽ വൻതോതിൽ ചെളിയടിഞ്ഞ് കിടന്നതുമൂലം ഡാമുകളുടെ സംഭരണശേഷിയിൽ വന്ന കുറവാണെന്ന വിലയിരുത്തൽ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ചിമ്മിനി, വാഴാനി, മലങ്കര, തെന്മല, നെയ്യാർ, മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് KERI, പീച്ചി പഠനവിധേയമാക്കി തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മലങ്കര ഡാമിൽ KERI, പീച്ചി, തൃശ്ശൂർ നടത്തിയിട്ടുള്ള ബാത്തിമെട്രിക് സർവ്വേ പ്രകാരം യഥാർത്ഥ സംഭരണശേഷിയുടെ 48.95% കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. ഈ അണക്കെട്ടിൽ അടിഞ്ഞ് കൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ജല സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുന്നതിനും വേണ്ടി ഡീസിൽറ്റേഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചിമ്മിനി, വാഴാനി എന്നീ ഡാമുകളിൽ ചെളി അടിഞ്ഞുകൂടിയതുകാരണം സംഭരണ ശേഷിയിൽ കുറവ് വന്നിട്ടില്ല. കൂടാതെ തെന്മല, നെയ്യാർ എന്നീ ഡാമുകളിൽ നടത്തിയ പഠനത്തിൽ ജലസംഭരണ ശേഷി കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സംഭരണശേഷി കുറവ് വന്നിട്ടുള്ള ഡാമുകളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെയ്യാർ ഡാമിലും തെന്മല ഡാമിലും പഠനം നടത്തി റിപ്പോർട്ട് ലഭ്യമായതനുസരിച്ച് ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഭൂതത്താൻകെട്ട് ബാരേജിൽ ജലവിതരണത്തിനു ശേഷം ഷട്ടറുകളെല്ലാം തുറന്നു വയ്ക്കുന്നതിനാൽ |

ബാരേജിൽ ചെളിയും മണ്ണും അടിഞ്ഞു കിടക്കാറില്ല. KERI, പീച്ചി മുഖാന്തിരം നടത്തിയ ഇന്റഗ്രേറ്റഡ് ബാത്തിമെട്രിക് സർവ്വേ ആന്റ് സബ്-ബോട്ടം പ്രൊഫൈലർ പഠനത്തിൽ മണിയാർ ബാരേജിൽ ചെളിയും മറ്റ് അവശിഷ്ടങ്ങളും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും കോർസാംപ്ലിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**മംഗലം, ചുള്ളിയാർ, വാളയാർ, മീങ്കര ഡാം.**

മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ റീടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി Kerala Irrigation Infrasturcture Development Corporation Ltd (KIIDC) ഏറ്റെടുത്ത് നടത്തി വരുന്നു. നിലവിൽ 64.90% sediment നീക്കം ചെയ്തിട്ടുണ്ട്.

മീങ്കര, വാളയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി Kerala State Mineral Development Corporation Ltd (KEMDEL) ഏറ്റെടുത്ത് നടത്തി വരുന്നു. മീങ്കര ഡാമിൽ നിന്ന് 53.50%, വാളയാർ ഡാമിൽ നിന്ന് 30.59% ഡീസിൽറ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**മലമ്പുഴ, കാഞ്ഞിരപ്പുഴ ഡാം**

മലമ്പുഴ ഡാമിൽ KERI, PEECHI 2019-ൽ നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ 27%, കാഞ്ഞിരപ്പുഴ ഡാമിൽ 24% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

**കുറ്റ്യാടി ഡാം**

കുറ്റ്യാടി ഡാമിൽ സംഭരണ ശേഷി അളക്കുന്നതിനു വേണ്ടി KERI, PEECHI യുടെ നേതൃത്വത്തിൽ 2019 ഫെബ്രുവരിയിൽ നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ 36% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസം KERI, PEECHI Bathymetric survey പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

| | | | |
|---|---|---|---|
| | | | **<u>കാരാപ്പുഴ, പഴശ്ശി,പോത്തുണ്ടി ഡാം</u>**<br><br>KERI, PEECHI നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണ ശേഷിയിൽ കാരാപ്പുഴ ഡാമിൽ 12%, പഴശ്ശി ഡാമിൽ 28%, പോത്തുണ്ടി ഡാമിൽ 8% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br><br>അരുവിക്കര ഡാമിന്റെ റിസർവോയറിന്റെ സംഭരണശേഷി ചെളിയും മണലും അടിഞ്ഞ് ഏകദേശം 50 ശതമാനത്തോളം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണലും യഥാസമയം നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ചിമ്മിനി, വാഴാനി, മലങ്കര, തെന്മല, നെയ്യാർ, മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് KERI, പീച്ചി പഠനവിധേയമാക്കി തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മലങ്കര ഡാമിൽ KERI, പീച്ചി, തൃശ്ശൂർ നടത്തിയിട്ടുള്ള ബാത്തിമെട്രിക് സർവ്വേ പ്രകാരം യഥാർത്ഥ സംഭരണശേഷിയുടെ 48.95% കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. ഈ അണക്കെട്ടിൽ അടിഞ്ഞ് കൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ജല സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുന്നതിനും വേണ്ടി ഡീസിൽറ്റേഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചിമ്മിനി, വാഴാനി എന്നീ ഡാമുകളിൽ ചെളി അടിഞ്ഞുകൂടിയതുകാരണം സംഭരണ ശേഷിയിൽ കുറവ് വന്നിട്ടില്ല. കൂടാതെ തെന്മല, നെയ്യാർ എന്നീ ഡാമുകളിൽ നടത്തിയ പഠനത്തിൽ ജലസംഭരണ ശേഷി കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സംഭരണശേഷി കുറവ് വന്നിട്ടുള്ള ഡാമുകളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെയ്യാർ ഡാമിലും തെന്മല ഡാമിലും പഠനം നടത്തി റിപ്പോർട്ട് ലഭ്യമായതനുസരിച്ച് ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഭൂതത്താൻകെട്ട് ബാരേജിൽ ജലവിതരണത്തിനു ശേഷം ഷട്ടറുകളെല്ലാം തുറന്നു വയ്ക്കുന്നതിനാൽ ബാരേജിൽ ചെളിയും മണ്ണും അടിഞ്ഞു കിടക്കാറില്ല. KERI, പീച്ചി മുഖാന്തിരം നടത്തിയ ഇന്റഗ്രേറ്റഡ് |

ബാത്തിമെട്രിക് സർവ്വേ ആന്റ് സബ്-ബോട്ടം പ്രൊഫൈലർ പഠനത്തിൽ മണിയാർ ബാരേജിൽ ചെളിയും മറ്റ് അവശിഷ്ടങ്ങളും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും കോർസാംപ്ലിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**മംഗലം, ചുള്ളിയാർ, വാളയാർ, മീങ്കര ഡാം.**

മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ റീടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി Kerala Irrigation Infrasturcture Development Corporation Ltd (KIIDC) ഏറ്റെടുത്ത് നടത്തി വരുന്നു. നിലവിൽ 64.90% sediment നീക്കം ചെയ്തിട്ടുണ്ട്.

മീങ്കര, വാളയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി Kerala State Mineral Development Corporation Ltd (KEMDEL) ഏറ്റെടുത്ത് നടത്തി വരുന്നു. മീങ്കര ഡാമിൽ നിന്ന് 53.50%, വാളയാർ ഡാമിൽ നിന്ന് 30.59% ഡീസിൽറ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**മലമ്പുഴ, കാഞ്ഞിരപ്പുഴ ഡാം**

മലമ്പുഴ ഡാമിൽ KERI, PEECHI 2019-ൽ നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ 27%, കാഞ്ഞിരപ്പുഴ ഡാമിൽ 24% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

**കുറ്റ്യാടി ഡാം**

കുറ്റ്യാടി ഡാമിൽ സംഭരണ ശേഷി അളക്കുന്നതിനു വേണ്ടി KERI, PEECHI യുടെ നേതൃത്വത്തിൽ 2019 ഫെബ്രുവരിയിൽ നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ 36% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസം KERI, PEECHI Bathymetric survey പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

**കാരാപ്പുഴ, പഴശ്ശി,പോത്തുണ്ടി ഡാം**

| | | | |
|---|---|---|---|
| | | | KERI, PEECHI നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണ ശേഷിയിൽ കാരാപ്പുഴ ഡാമിൽ 12%, പഴശ്ശി ഡാമിൽ 28%, പോത്തുണ്ടി ഡാമിൽ 8% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br><br>അരുവിക്കര ഡാമിന്റെ റിസർവോയറിന്റെ സംഭരണശേഷി ചെളിയും മണലും അടിഞ്ഞ് ഏകദേശം 50 ശതമാനത്തോളം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ